പാഠം 2

# മോശെയുടെ ചരിത്രപാഠം

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: ആവ. 1-3; പുറ. 32:29-32; സംഖ്യാ. 14; എഫെ. 3:10; ഉല്പത്തി 15:1-16; യോഹ. 14:9.**

**മന:പാഠവാക്യം: "എല്ലാവരും ഒരേ ആത്മികാഹാരം തിന്നു എല്ലാവരും ഒരേ ആത്മികപാനീയം കുടിച്ചു - അവരെ അനുഗമിച്ച ആത്മികപാറയിൽനിന്നല്ലോ അവർ കുടിച്ചത്; ആ പാറ ക്രിസ്തു ആയിരുന്നു" (1 കൊരി. 10:3,4).**

"മോശെ സംസാരിച്ചതായിരുന്നു ഈ വാക്കുകൾ" (ആവ. 1:1). അങ്ങനെയാണ് ആവർത്തനപുസ്തകം ആരംഭിക്കുന്നത്. ഈ വാക്കുകളിൽതുടങ്ങി മോവാബു ദേശത്ത് മോശെയുടെ മരണംവരെ (ആവ. 34:5) മോശെയും മോശെയുടെ സാന്നിദ്ധ്യവും ഈ പുസ്തകത്തിന്റെ മുൻനിരയിൽ കാണപ്പെടുന്നെങ്കിലും മുഴുബൈബിളിലുമെന്നപോലെ വാസ്തവത്തിൽ ആവർത്തനപുസ്തകം കർത്താവായ യേശുവിനെക്കുറിച്ചുള്ളതാണ്. കാരണം, അവൻ മാത്രമാണ് നമ്മെ സൃഷ്ടിച്ചവനും (ഉല്പ. 1,2; യോഹ. 1:1-3), നമ്മെ പരിപാലിക്കുന്നവനും (കൊലൊ. 1:15-17; എബ്രാ. 1:3), നമ്മെ വീണ്ടെടുക്കുന്നവനും (യെശ. 41:14; തീത്തൊ. 2:14). ഈ വാക്കുകളുടെ ഒരു അയഞ്ഞ അർത്ഥത്തിൽ, രക്ഷാചരിത്രത്തിലെ ഈ നിർണായക സമയത്ത്, ദൈവം തന്റെ ജനത്തെ സൃഷ്ടിക്കുകയും പരിപാലിക്കുകയും വീണ്ടെടുക്കുകയും ചെയ്യുന്നത് എങ്ങനെ തുടർന്നെന്ന് ആവർത്തനം വെളിപ്പെടുത്തുന്നു.

അടിസ്ഥാനപരമായി, യിസ്രായേൽമക്കൾ അവസാനം കനാനിൽ പ്രവേശിക്കുവാൻ സമയമായപ്പോൾ, മോശെ അവർക്ക് ഒരു ചരിത്രപാഠം കൊടുക്കുന്നു, അതായത്, കഴിഞ്ഞനാളുകളിൽ ദൈവം നിങ്ങൾക്കു ചെയ്തുതന്നതിനെ ഓർക്കുക എന്ന് ബൈബിളിലുടനീളം ആവർത്തിച്ചിരിക്കുന്ന ഒരു പാഠം. കുറെക്കൂടി നല്ല ഒരു വാഗ്ദത്തനാടിന്റെ അതിരുകളിൽ ആയിരിക്കുന്ന നമുക്ക് ഈ ഉപദേശം എന്തെങ്കിലും അർത്ഥമാക്കണം: "നമ്മുടെ ഇന്നത്തെ നിലയിലേക്കുള്ള ഓരോ ചുവടുവയ്പിലൂടെയും യാത്ര ചെയ്ത് നമ്മുടെ കഴിഞ്ഞകാല ചരിത്രം പുനരവലോകനം ചെയ്യുന്നതിൽ... ക്രിസ്തു നായകനെന്ന വിധം, ഞാൻ ആശ്ചര്യവും ആത്മവിശ്വാസവുംകൊണ്ടു നിറഞ്ഞു. കഴിഞ്ഞകാല ചരിത്രത്തിൽ ദൈവം നമ്മെ നടത്തിയവിധവും അവന്റെ ഉപദേശങ്ങളും നാം മറക്കാതിരിക്കുന്നിടത്തോളം നമുക്കു ഭാവിയെ സംബന്ധിച്ച് ഭയക്കുവാനൊന്നുമില്ല." E.G. White, Life Sketches, p.196.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഒക്ടോബർ 9 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## മോശെയുടെ ശുശ്രൂഷ

ബൈബിളിലുടനീളം മോശെയുടെ സാന്നിദ്ധ്യം അനുഭവപ്പെടുന്നു. പുറ. 2:2 വരെ മോശെയെക്കുറിച്ചുള്ള പരാമർശം ഉണ്ടായിട്ടില്ലെങ്കിലും നാം ആരാകുന്നെന്നും ഇവിടെ എങ്ങനെ എത്തിച്ചേർന്നെന്നും സംഗതികൾ ആയിരിക്കുന്നതുപോലെ ഇത്ര മോശമായിരിക്കുന്നത് എന്തുകൊണ്ടാണെന്നും എന്നിരുന്നാലും എന്തുകൊണ്ട് നമുക്കു പ്രത്യാശയ്ക്കു വകയുണ്ടെന്നുമുള്ള ദൈവത്തിന്റെ ആധികാരികവും അടിസ്ഥാനപരവുമായ ഉല്പത്തിപ്പുസ്തകം എഴുതിയത് മോശെയാണ്. സൃഷ്ടിപ്പ്, വീഴ്ച, വീണ്ടെടുപ്പിന്റെ വാഗ്ദത്തം, ജലപ്രളയം, അബ്രഹാം, സുവിശേഷം എന്നിവയുടെയെല്ലാം വേരുകൾ ഉല്പത്തിയിൽ കാണപ്പെടുന്നു. ഇതിന്റെ ഗ്രന്ഥകർത്താവ് പ്രവാചകനായ മോശെയായിരുന്നു. ദൈവത്തെ സ്നേഹിക്കുകയും അവനെ സേവിക്കുവാൻ ആഗ്രഹിക്കുകയും ചെയ്തതുകൊണ്ട് അവനുവേണ്ടി അദ്ധ്വാനിക്കുവാൻ കഴിയുകയും കഷ്ടിച്ച് കുറ്റമറ്റവനായിരിക്കുകയും ചെയ്ത ഈ ഒരു മനുഷ്യന്റെ സ്വാധീനം അനുയോജ്യമാംവിധം അളന്നുനോക്കുവാൻ പ്രയാസമാണ്.

**സ്വർണക്കാളക്കുട്ടിയെ ഉണ്ടാക്കിയ ഭയങ്കര പാപത്തിനുശേഷം ദൈവവും മോശെയും തമ്മിലുണ്ടായ സംഭാഷണം രേഖപ്പെടുത്തിയിരിക്കുന്ന പുറപ്പാട് 32:29-32 വരെയുള്ള വേദഭാഗം വായിക്കുക. മോശെയുടെ സ്വഭാവത്തെക്കുറിച്ചും എന്തൊക്കെ കുറ്റങ്ങൾ ഉണ്ടായിരുന്നിട്ടും ഇത്ര ശക്തമാംവിധം ദൈവത്തിന് മോശെയെ ഉപയോഗിക്കുവാൻ കഴിഞ്ഞെന്നതിനെക്കുറിച്ചും എന്തുകൊണ്ട് ഇന്നും ഈ കഥ എന്ത് ഉൾക്കാഴ്ച പഠിപ്പിക്കുന്നു?**

ഈ പാപത്തോട് മോശെയ്ക്ക് ഒന്നും ചെയ്യുവാനില്ലായിരുന്നെങ്കിലും അവർക്കുവേണ്ടി തന്റെ സ്വന്തം ആത്മാവിനെപ്പോലും നഷ്ടപ്പെടുത്തുവാൻ തുനിഞ്ഞുകൊണ്ട് പാപികളായ ഈ ജനത്തിനുവേണ്ടി മദ്ധ്യസ്ഥത ചെയ്യുവാൻ തീരുമാനിച്ചു. പുറ. 32:32-ൽ "അവരുടെ പാപം ക്ഷമിക്കുന്നതിന്" മോശെ ദൈവത്തോട് അപേക്ഷിച്ചപ്പോൾ, വാസ്തവത്തിൽ ഇവിടത്തെ ക്രിയാപദം അർത്ഥമാക്കുന്നത് "ചുമക്കുക" എന്നാണ്. അങ്ങനെ മോശെ പാപത്തിന്റെ ഗാംഭീര്യവും അതിന്റെ പരിഹാരത്തിന് ആവശ്യമായിരിക്കുന്നത് എന്താണെന്നും മനസ്സിലാക്കിക്കൊണ്ട് യഥാർത്ഥത്തിൽ അവരുടെ പാപം "വഹിപ്പാൻ" ദൈവത്തോട് ആവശ്യപ്പെട്ടു. കാരണം, അന്തിമമായി അവരുടെ പാപം അത് ഏതായിരുന്നാലും ക്ഷമിക്കപ്പെടുന്നതിന് ഇതുമാത്രമാണ് വഴി.

അങ്ങനെ, ദൈവംതന്നെ യേശുവിന്റെ വ്യക്തിത്വത്തിൽ, നമ്മുടെ പാപത്തിന്റെ ആഘാതവും ശിക്ഷയും തന്റെമേൽ വഹിക്കുന്നു. അതായത് അവ ഭരണകൂടത്തിന്റെയും നിയമത്തിന്റെയും തത്വങ്ങളോട് വിശ്വസ്തതയോടെ ശേഷിക്കുമ്പോഴുള്ള മാനവകുലത്തിനുവേണ്ടിയ ദൈവത്തിന്റെ രക്ഷയുടെ മുൻനിശ്ചയിക്കപ്പെട്ട വഴി എന്ന പകരംവയ്ക്കലിന്റെ ഒരു ശക്തമായ പ്രകടനം ബൈബിളിന്റെ ആദ്യഭാഗത്ത് നമുക്കുണ്ട്. വാസ്തവത്തിൽ, പല നൂറ്റാണ്ടുകൾക്കുശേഷം പത്രൊസിന് ഇങ്ങനെ എഴുതുവാൻ കഴിഞ്ഞു: "നാം പാപം സംബന്ധിച്ചു... സൗഖ്യം വന്നിരിക്കുന്നു" (1 പത്രൊ. 2:24).

അതേസമയം, മോശെയുടെ ഈ കഥയിലും പാപത്തിലാണ്ടുപോയ ഒരു ജനത്തോട് പക്ഷവാദംചെയ്യുന്ന ഒരുവനെന്നനിലയിലുള്ള മോശെയുടെ പങ്കിലും നമുക്കു കാണുവാൻകഴിയുന്നത് നമുക്കുവേണ്ടി യേശുവും ചെയ്യുന്നതിന്റെ ഒരു മുന്നോടിയെയാണ് (എബ്രാ. 7:25).

**തന്റെ ജനത്തിനുവേണ്ടി സ്വന്തം ആത്മാവിനെപ്പോലും നഷ്ടപ്പെടുത്തുവാനുള്ള മനസ്സൊരുക്കം. ആ വാക്കുകളുടെ ഉൾപ്പെടുത്തലുകളെക്കുറിച്ചു ചിന്തിക്കുക. മറ്റുള്ളവരെ യഥാർത്ഥമായി സ്നേഹിക്കുകയെന്നാൽ എന്താണ് അർത്ഥമാക്കുന്നത് ആയതിനെപ്പറ്റി നമുക്ക് അവരിൽനിന്നും എന്തു പഠിക്കുവാൻ കഴിയും?**

## നിറവേറിയ പ്രവചനം

സത്യമെന്നവിധം ആധുനികശാസ്ത്രം ചില തെറ്റുകൾ പറഞ്ഞുപരത്തുന്നുണ്ടെങ്കിലും (നമ്മുടെ അഖിലാണ്ഡം തികെച്ചും ഒന്നുമില്ലായ്മയിൽ നിന്നുമുയർന്നുവന്നതാണെന്നോ അല്ലെങ്കിൽ ഈ ഭൂമിയിൽ ജീവൻ ഉണ്ടായത് ലളിതമായ രാസപദാർത്ഥങ്ങളിൽനിന്ന് യാദൃശ്ചികമായി ഉയർന്നുവന്നതാണെന്നോ പോലെയുള്ളവ) ദൈവത്തിന്റെ സൃഷ്ടിപ്പിൻ ശക്തിയെപ്പറ്റി ശാസ്ത്രം ആശ്ചര്യകരമായ ചില ഉൾക്കാഴ്ചകൾ നമുക്കു തന്നിട്ടുണ്ട്. സ്വാഭാവികമായുള്ള ലോകത്തിന്റെ പല ഭാവങ്ങളുടെയും പൊരുത്തം, തുല്യത, കൃത്യത എന്നിവ അതിന്റെ വീഴ്ച ഭവിച്ച അവസ്ഥയിൽപോലും അവയെ സംബന്ധിച്ച് പഠിക്കുന്നവരെ തുടർന്ന് അത്ഭുതപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ഭൗതികമായ കാര്യങ്ങളെപ്പറ്റി ദൈവം അത്ര നിഷ്കർഷയുള്ളവാണെങ്കിൽ, അവൻ തീർച്ചയായും ആത്മീയകാര്യങ്ങളിലും നിഷ്കർഷയുള്ളവനായിരിക്കും. അങ്ങനെ, ആവർത്തന പുസ്തകത്തിന്റെ ആദ്യവാക്യങ്ങളിൽ ദൈവത്തിന്റെ അവിശ്വസനീയമായ അതിസൂക്ഷ്മത നമുക്കു കാണുവാൻ കഴിയും.

**ആവർത്തനം 1:1–6 വായിക്കുക. "നാല്പതാം സംവത്സരം" എന്നതിനെപ്പറ്റി ആവർത്തനം 1:3 പറയുന്ന വസ്തുതയുടെ പ്രാവചനിക പ്രാധാന്യമെന്താണ്?**

പരാജയത്തിനുശേഷം, കാദേശ് ബർന്നേയയിൽനിന്നും മോശെ ചാരന്മാരെ അയച്ചു. ദേശം കൈവശമാക്കുവാനുള്ള ആഹ്വാനത്തെ തള്ളിക്കളഞ്ഞപ്പോൾ എന്താണു സംഭവിച്ചത്? അവർ ആശിച്ചതുപോലെ വാഗ്ദത്തനാട്ടിൽ പ്രവേശിക്കുകയില്ല എന്ന് അവരോടു പറഞ്ഞു. പ്രവേശിക്കുന്നതിനുമുമ്പ് അവർ എത്രനാൾ കാത്തിരിക്കണം? "ദേശം ഉറ്റുനോക്കിയ... അകൽച്ച അറിയും" (സംഖ്യാ. 14:34).

അങ്ങനെ ദൈവം അവരോടു പറഞ്ഞപ്രകാരം കൃത്യമായി നാല്പതാം വർഷം ആവർത്തനപുസ്തകം പുരോഗമിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ദൈവത്തെപ്പോലെതന്നെ അവന്റെ പ്രാവചനികവചനവും വിശ്വാസയോഗ്യം. ഇവിടെ ആവർത്തനപുസ്തകത്തിന്റെ ആദ്യവാക്കുകളിൽ ആ വിശ്വാസയോഗ്യത കൂടുതൽ തെളിവുള്ളതായി കാണപ്പെടുകയും ചെയ്യുന്നു. അതായത്, ദൈവം പറയുന്നത് താൻ ചെയ്യുകയും ചെയ്യുമെന്നു പറയുമ്പോൾ താൻ ചെയ്യുകയും ചെയ്യും.

തീർച്ചയായും, ദൈവം പറഞ്ഞതുപോലെ നിറവേറിയിട്ടുള്ള പ്രാവചനിക കാലഘട്ടം ഇതുമാത്രമല്ല. ഇന്ന് നമ്മുടെ ശുഭാപ്തിവിശ്വാസനിലയിലേക്കു തിരിഞ്ഞുനോക്കുമ്പോൾ, ഉദാഹരണമായി, യേശുവിന്റെ കാലഘട്ടം ദൈവം പറഞ്ഞപ്രകാരം നടന്നതായിട്ട് ദാനീ. 9:24–27 വരെ നാം കാണുന്നു. "കാലവും കാലങ്ങളും കാലാംശവും" എന്ന പ്രവചനവും (ദാനീ. 7:25; വെളി. 12:6,14; 13:5) ദാനീയേൽ 8:14 ലെ 2300 സന്ധ്യയും ഉഷസ്സും എന്ന പ്രവചനവും ചരിത്രത്തിൽ നിറവേറിയതായി നാം കാണുന്നു.

കൃത്യമായ കാല അംശങ്ങൾ കൂടാതെ, ലോകചരിത്രത്തെ കൃത്യമായും സൂക്ഷ്മമായും പ്രവചിച്ചിരിക്കുന്ന ദാനീയേൽ 2,7,8 എന്നീ അദ്ധ്യായങ്ങൾ നമുക്കു ദൈവത്തിന്റെ മുന്നറിവ്, നിയന്ത്രണം, വിശ്വാസ്യത എന്നിവയുടെ അത്യധികമായ തെളിവുകൾ തരുന്നു.

കഴിഞ്ഞ ഈ പ്രവചനങ്ങൾ പ്രവചിക്കപ്പെട്ട പ്രകാരംതന്നെ ദൈവം വിശ്വസ്ത തയോടെ നിറവേറ്റിയതായി നാം കാണുന്നു. ഭാവിയിൽ ഉണ്ടാകുമെന്ന് അവൻ പറ ഞ്ഞിരിക്കുന്നവയിൽ അവനെ ആശ്രയിക്കുവാൻ നമുക്കു കഴിയുമെന്ന ആത്മവി ശ്വാസം ഇത് എന്തുകൊണ്ടു തരുന്നു?

## ഒരു ആയിരം മടങ്ങ് അധികം

മരുഭൂമിയിൽ ദീർഘദൂരം താണ്ടിയതിനുശേഷം, മോശെ പറഞ്ഞു: "ഇതാ, ഞാൻ ആ ദേശം നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു; നിങ്ങൾ കടന്നു യഹോവ നിങ്ങളുടെ പിതാക്കന്മാരായ അബ്രാഹാമിനും യിസഹാക്കിനും യാക്കോബിനും അവരുടെ സന്തതിക്കും കൊടുക്കുമെന്ന് അവരോടു സത്യം ചെയ്ത ദേശത്തെ കൈവശമാക്കുവിൻ" (ആവ. 1:8). എന്തുതന്നെയായിരുന്നാലും അടുത്ത് എന്തുവരുന്നു എന്നത് ശ്രദ്ധിക്കുക.

**ആവർത്തനം 1:9–11 വായിക്കുക. ഒരു യഥാർത്ഥ അർത്ഥത്തിൽ, പ്രത്യേകിച്ച്, കാദേശ് ബേർന്നേയയിലെ മത്സരം കാരണം അവർ ദൈവത്താൽ ശിക്ഷിക്കപ്പെടുകയായിരുന്നു എന്ന വസ്തുതയുടെ വെളിച്ചത്തിൽ, ഈ വാക്കുകളുടെ പ്രാധാന്യം എന്താണ്?**

ദൈവത്തിന്റെ മഹാമനസ്തകതയുടെ മറ്റൊരു ഉദാഹരണമാണ് നാം ഇവിടെ കാണുന്നത്. മരുഭൂമിയിൽ അലഞ്ഞു നടന്നിരുന്നതിന്റെ മദ്ധ്യത്തിലും അവർ അനുഗ്രഹിക്കപ്പെട്ടു: "ഇങ്ങനെ നീ അവരെ... കാൽ വീങ്ങിയതുമില്ല" (നെഹെ. 9:21). ദൈവം അവർക്കു ചെയ്തതിൽ ഒരായിരം മടങ്ങ് അധികം ചെയ്യുന്നതിന് മോശെ ദൈവത്തോട് അപേക്ഷിച്ചുംകൊണ്ട് താൻ വീണ്ടും ജനത്തോടുള്ള സ്നേഹം പ്രദർശിപ്പിച്ചു.

**ആവർത്തനം 1:12–17 വായിക്കുക. ജനത്തിനുമേലുള്ള ദൈവാനുഗ്രഹത്തിന്റെ നേരിട്ടുള്ള ഒരു ഫലമെന്നവിധം എന്ത് സംഭവിച്ചു. ഈ സാഹചര്യത്തെ കൈകാര്യം ചെയ്യുന്നതിന് മോശെ സ്വീകരിച്ച പടികളെന്താണ്?**

അങ്ങനെ, അവരുടെയിടയിൽ ദൈവം ശക്തമാംവിധം സന്നിഹിതനായിരുന്നപ്പോൾപോലും രൂപഘടനയുടെയും ചട്ടക്കൂടിന്റെയും ഉത്തരവാദിത്വത്തിന്റെ ഒരു വ്യവസ്ഥിതിയുടെയും ആവശ്യം ഉണ്ടായിരുന്നു. യിസ്രായേൽ ഒരു കൂട്ടം (achal) അഥവാ രൂപീകരിക്കപ്പെട്ട ഒരു കൂടിവരവ് (ആവ. 31:30) ആയിരുന്നു. പുതിയനിയമത്തിന് ഒരു മുന്നോടിയായ സഭ, ഗ്രീക്കിൽ ഇതിന് എക്ലീഷ്യാ (ekklesia) എന്ന് പറയുന്നതിന്റെ അർത്ഥം "സഭ" എന്നാണ് (മത്തായി 16:18 കാണുക). ഒരു വ്യത്യസ്ത പശ്ചാത്തലത്തിൽ പ്രവർത്തിച്ചെങ്കിലും പൗലൊസ് ഒരിക്കലും തന്റെ യെഹൂദ്യാ അടിസ്ഥാനങ്ങളിൽനിന്നും അകലെയായിരുന്നില്ല. ആവർത്തനപുസ്തകത്തിൽ നാം കാണുന്നതുപോലെയും മരുഭൂമിയിലെ കൂട്ടംപോലെയും ശരീരത്തിന്റെ ശരിയായ പ്രവർത്തനത്തിനുവേണ്ടി വിവിധ ഉത്തരവാദിത്വങ്ങൾ വഹിക്കുന്നതിന് നമുക്കു യോഗ്യതയുള്ളവരെ ആവശ്യമായിരിക്കുന്നു എന്നു പൗലൊസ് വ്യക്തമായി ചിത്രീകരിച്ചിരിക്കുന്നത് 1 കൊരിന്ത്യർ 12 ൽ നാം കാണുന്നു. സഭ ഇന്ന് അന്നത്തെ കൂട്ടം എന്നപോലെ, അവരവരുടെ വരങ്ങൾക്കൊത്തവിധം വിവിധ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിന് ഒരു ഏകീകൃതശരീരമായിരിക്കേണ്ടത് ആവശ്യമാണ്.

"ചിട്ടപ്പെടുത്തപ്പെട്ട" മതത്തിനെതിരെ ജനം അധിക്ഷേപം ഉയർത്തുന്നത് നാം ചിലപ്പോഴൊക്കെ കേട്ടിട്ടുണ്ടെങ്കിലും (അവർ താല്പര്യപ്പെടുന്നത് "ചിട്ടയില്ലാത്ത" മതം) ദൈവവചനം പ്രത്യേകിച്ച്, പുതിയനിയമം അംഗീകരിക്കുന്നത് ചിട്ടപ്പെടുത്തിയിട്ടുള്ളതല്ലാതെ മറ്റൊന്നിനെയുമല്ല.

## കാദേശ് ബർന്നേയ

കാദേശ് ബർന്നേയ എന്ന ഒരു ചെകുത്താൻ ആവർത്തനപുസ്തകത്തിന്റെ ആദ്യഭാഗങ്ങളെ ഉപദ്രവിച്ചുകൊണ്ടിരിക്കുകയായിരുന്നു. നാം കണ്ടതുപോലെ ദൗർഭാഗ്യകരമായ ഈ കഥ, ആവർത്തനപുസ്തകത്തിന്റെ പെട്ടെന്നുള്ള പശ്ചാത്തലം ഒരുക്കുകയും അതിനോടടുത്ത ഒരു നിരീക്ഷണം നടത്തുന്നത് ഫലപ്രദവുമാണ്.

**ആവർത്തനം 14 വായിക്കുക: ചാരന്മാരുടെ അന്വേഷണഫലത്തോട് ജനം പ്രതികരിച്ചത് എങ്ങനെയാണ്, അവരുടെ പ്രതികരണത്തിന്റെ ഫലങ്ങളെന്തൊക്കെയായിരുന്നു? (ആവ. 1:20-46 കൂടെ കാണുക).**

ഈ കഥയിൽനിന്നും പ്രധാനപ്പെട്ട അനേകപാഠങ്ങൾ നമുക്ക് ഊഹിച്ചെടുക്കുവാൻ കഴിയും. എന്നാൽ വീണ്ടും ഈ പുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്ന ഒരു പ്രധാനപ്പെട്ട പാഠംകൂടെ നമുക്കു സംഖ്യാപുസ്തകം 14 ൽ കണ്ടെത്തുവാൻ കഴിയുന്നു.

**സംഖ്യാ. 14:11-20 വായിക്കുക: ഒരു മദ്ധ്യസ്ഥന്റെ പങ്കോടുകൂടി നാം വീണ്ടും മോശെയെ കാണുന്നുണ്ടെങ്കിലും എന്തുകൊണ്ട് അവരെ നശിപ്പിച്ചുകൂടാ എന്നതിനെ സംബന്ധിച്ച മോശെയുടെ ന്യായവാദത്തെക്കുറിച്ചുള്ള പ്രാധാന്യം എന്താണ്?**

മോശെ ദൈവത്തോട് പറഞ്ഞുകൊണ്ടിരുന്നിനെപ്പറ്റി ചിന്തിക്കുക. നീ ഇതു ചെയ്യുകയാണെങ്കിൽ, മിസ്രയീമ്യരുടെയും ആ മേഖലയിലുള്ള മറ്റു ജനതകളുടെയും കൺമുമ്പിൽ നീ എങ്ങനെ പ്രത്യക്ഷപ്പെടും എന്നു നോക്കുക. ഇതു വളരെ പ്രധാനമാണ്. കാരണം അന്തിമമായി യിസ്രായേലിനോടു ചെയ്യുവാൻ ദൈവം ആഗ്രഹിച്ച സകലതും വെറുതെ യിസ്രായേലിനുവേണ്ടി മാത്രമായിരുന്നില്ല. ഇതു മാനവകുലത്തിനു മുഴുവനുംവേണ്ടിയാണ്. യിസ്രായേൽ ജനത ലോകത്തിന് ഒരു വെളിച്ചമായിരിക്കേണ്ടതും ഈ ജനം ആരാധിച്ചിരുന്ന മൂല്യഹീനമായ വിഗ്രഹങ്ങളിലല്ല, സത്യദൈവത്തിൽ കണ്ടെത്തിയ സ്നേഹം, ശക്തി, രക്ഷ എന്നിവയെക്കുറിച്ച് പൗരാണികർക്ക് ഒരു സാക്ഷ്യം ആയിരിക്കേണ്ടതുമാണ്.

എങ്ങനെയായിരുന്നാലും, മോശെ പറഞ്ഞതുപോലെ നീ ഈ ജനത്തെ തുടച്ചുമാറ്റുകയാണെങ്കിൽ പിന്നെ എന്താണ്? ജാതികൾ പറയും: "ഈ ജനത്തോട് സത്യം ചെയ്ത ദേശത്തേക്ക് അവരെ കൊണ്ടുപോകുവാൻ യഹോവയ്ക്കു കഴിയായ്കകൊണ്ട് അവൻ അവരെ മരുഭൂമിയിൽവെച്ചു കൊന്നുകളഞ്ഞു" (സംഖ്യാ. 14:16). മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ബൈബിളിലുടനീളം കണ്ടെത്തുന്ന ഒരു വിഷയമാണ് നാം ഇവിടെ കാണുന്നത്: അവന്റെ ജനത്തിൽ ദൈവം മഹത്വപ്പെടണം. അവൻ തന്റെ ജനത്തിനുവേണ്ടി ചെയ്യുന്നതിലൂടെ ദൈവത്തിന്റെ മഹത്വം, നന്മ, സ്നേഹം, ശക്തി എന്നിവ അവന്റെ സഭയിൽ വെളിപ്പെടണം. തീർച്ചയായും അവൻ ഇതു ചെയ്യത്തക്കവിധം തന്റെ ജനം സംഗതികൾ എല്ലായ്പോഴും അത്ര എളുപ്പമാക്കുകയില്ല. എന്നാൽ ആത്യന്തികമായി ഈ ഭൂമിയിലെ അവന്റെ പ്രവൃത്തികളിലൂടെ ദൈവം മഹത്വീകരിക്കപ്പെടും.

**എഫെസ്യർ 3:10 വായിക്കുക: ഇവിടെ പൗലൊസ് പറയുന്നതെന്താണ്. എങ്ങനെയാണ് ഇതു സംഭവിക്കുന്നത്? സൃഷ്ടിക്രമത്തോട് ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം പ്രകടമാക്കുന്നത് എങ്ങനെയാണ്? ഇതു സംഭവ്യമാക്കുന്നതിൽ ഏതുവിധത്തിലായിരുന്നാലും ഒരു വ്യക്തിയെന്നവിധം നമ്മുടെ പങ്ക് എന്താണ്?**

## അമോര്യരുടെ പാപം

ദൈവത്തിന്റെ അനുഗ്രഹത്താൽ അവർ അവരുടെ ശത്രുക്കളെ എങ്ങനെ വഴി തിരിച്ചുവിട്ടു എന്ന യിസ്രായേല്യ ചരിത്രം ആവർത്തനം 2,3 അദ്ധ്യായങ്ങളിൽ മോശെ ആവർത്തിക്കുന്നു. അവർ വിശ്വസ്തരായിരുന്നപ്പോൾ "മല്ലന്മാരുടെമേൽ" പോലും ദൈവം അവർക്കു വിജയം കൊടുത്തു (ആവ. 2:11,20; 3:13).

ഈ ജനത്തിന്റെ നാശത്തെപ്പറ്റി തീർച്ചയായും കുറഞ്ഞത് തൊടുകയെങ്കിലും ചെയ്യേണ്ട പ്രയാസമേറിയ വിഷയം ഇത് ഉയർത്തുന്നു. ഒരു ദേശത്തോട് യിസ്രായേൽമക്കൾ ആദ്യം സമാധാനം സംസാരിക്കുമെങ്കിലും (ആവ. 20:10,11) ജനം അതു സ്വീകരിക്കാതെവരുമ്പോൾ ചിലപ്പോൾ അവർ പോയി സ്ത്രീകളെയും കുഞ്ഞുങ്ങളെയും ഉൾപ്പെടെ നശിപ്പിച്ചുകളയും. "നമ്മുടെ ദൈവമായ യഹോവ... ഒരുത്തനെയും ശേഷിപ്പിച്ചില്ല" (ആവ. 2:33,34).

ചിലർ ഇതിനെ സംബന്ധിച്ച്, ഇവ വാസ്തവമായ കഥകളല്ല എന്നു പറയാറുണ്ട്. എന്തുതന്നെയായിരുന്നാലും "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ... പ്രയോജനമുള്ളത് ആകുന്നു" (2 തിമൊ. 3:16) എന്നു നാം വിശ്വസിക്കുന്നതുകൊണ്ട് സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം അതൊരു സാദ്ധ്യമായ താല്പര്യമല്ല. അങ്ങനെ ഈ സംഭവങ്ങളെക്കുറിച്ച് പ്രയാസമേറിയ ചോദ്യങ്ങളോടുകൂടി നാം ആയിരിക്കുകയാണ്.

**ഉല്പത്തി 15:1-16 വായിക്കുക. ഉല്പത്തി 15:16 ൽ അബ്രാമിനോട് ദൈവം പറഞ്ഞതെന്താണ്. പ്രയാസമേറിയ ഈ വിഷയത്തിന്മേൽ ഇത് എന്തെങ്കിലും വെളിച്ചം വീശുന്നത് എങ്ങനെയാണ്?**

വിഗ്രഹാരാധികളായ ഈ രാഷ്ട്രങ്ങൾ, വളരെ നാളുകൾക്കുമുമ്പുതന്നെ ദൈവത്തിന്റെ കോപവും ശിക്ഷയും ന്യായീകരിക്കത്തക്കവിധം നേരിടേണ്ടിയിരുന്ന, അങ്ങേയറ്റം ക്രൂരന്മാരും മൃഗീയന്മാരുമായിരുന്നു എന്നതിൽ ഒരു ചോദ്യവുമില്ല. അതു വാസ്തവമാണ്. അവർ തങ്ങളുടെ വഴികൾ മാറ്റുന്നതിന് ദൈവം ക്ഷമയോടുകൂടി കാത്തിരുന്നെങ്കിലും അവർക്കു മാറ്റം വന്നില്ല. കുഞ്ഞുങ്ങൾ ഉൾപ്പെടെ സകലരെയും കൊന്നുകളയുന്ന കഠിനമായ യാഥാർത്ഥ്യത്തിന് അപ്പോഴും മാറ്റമുണ്ടായില്ല (തീർച്ചയായും മിക്കവാറും യിസ്രായേല്യർ കൊല ചെയ്തതിനെക്കാളും കൂടുതൽ കുഞ്ഞുങ്ങൾ ജലപ്രളയത്തിൽ കൊല ചെയ്യപ്പെട്ടിരുന്നിരിക്കണം).

വസ്തുത ഇപ്പോൾ, നല്കപ്പെട്ടിരിക്കുന്ന പരിമിതമായ വിവരമനുസരിച്ചു നമുക്കു സംഭവങ്ങളുടെ പൂർണപശ്ചാത്തലമുണ്ട് എന്നതാണ്. ഈ കഠിനമായ യാഥാർത്ഥ്യം സ്വീകരിക്കുകമാത്രം ചെയ്യുകയും മറ്റുപല മാർഗ്ഗങ്ങളിലൂടെ വെളിപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ നന്മയിലാശ്രയിക്കുകയും ചെയ്യുക. അത്ഭുതകരമായ ദൃശ്യങ്ങളും ശബ്ദങ്ങളും കൊണ്ടു നിറഞ്ഞിരിക്കുന്ന അഴകുള്ള ഒരു വനത്തിൽ ഒരു മനോഹരദിവസം ദൈവത്തെ സ്നേഹിക്കുന്നതിനെക്കുറിച്ചുള്ളതല്ല വിശ്വാസം. നമുക്കു പൂർണ്ണമായി മനസ്സിലാകാത്തവയൊക്കെയുണ്ടെങ്കിലും അവനിൽ ആശ്രയിക്കുന്നതുംകൂടെയാണ്.

**1 കൊരി 10:1-4; യോഹ. 14:9 വായിക്കുക. ദൈവത്തെപ്പറ്റിയുള്ള ഈ ധാരണയോട് അനുരൂപമാകുവാൻ പ്രയാസമുള്ള സംഗതികൾ നാം കാണുമ്പോൾപോലും**

**അവന്റെ സ്നേഹത്തിലും നീതിയിലും നന്മയിലും ആശ്രയിക്കുവാൻ പഠിക്കുന്നതിന് ഈ വാക്യങ്ങളും ഇതുപോലെയുള്ള മറ്റു വാക്യങ്ങളും എങ്ങനെ സഹായിക്കുന്നു.**

## കൂടുതൽ പഠനത്തിന്

ഈ ചില രാജ്യങ്ങളോട് യിസ്രായേല്യർ ചെയ്തതിനെപ്പറ്റിയുള്ള പ്രയാസമേറിയ ചോദ്യങ്ങൾക്ക് ഒരു പണ്ഡിതൻ എങ്ങനെ ഉത്തരം നല്കുന്നു: സകലതിന്റെയും സകല മാനവകുലത്തിന്റെയും മേലുള്ള പരമാധികാരി എന്നവിധവും ഏതൊരുവനോടും എന്തുവേണമെങ്കിലും ചെയ്യുകയും അങ്ങനെ ചെയ്യുന്നതിൽ ശരിയായിരിക്കുകയും ചെയ്യാം... ദൈവത്തിന്റെ വഴികൾ ഒരു മർമ്മമാണ്. നാം ഒരിക്കലും അവനെ പൂർണ്ണമായി മനസ്സിലാക്കാത്തതുകൊണ്ട് നമ്മുടെ മനസ്സുകളിലുള്ള ചോദ്യങ്ങളിൽ നാം ആശ്വസിച്ചേക്കാം. യെശ. 55:8,9 ചില സാന്ത്വനങ്ങൾ പ്രദാനം ചെയ്യുന്നു. കനാന്യനെ സംബന്ധിച്ചുള്ള ബൈബിൾപരമായ രേഖകളനുസരിച്ച് ഈ ജനം അതീവ ദുഷ്ടരും അവരുടെ ഉന്മൂലനാശം ദൈവത്തിന്റെ ന്യായവിധിയെ പ്രതിനിധീകരിക്കുന്നതുമാണ്. കനാന്യരുടെ നശീകരണം ദൈവം ചെയ്യുന്ന ആദ്യത്തേതോ അവസാനത്തേതോ ആയ ഒന്നല്ല. കനാന്യരുടെ വിധിയും മാനവകുലത്തിന്റെ വിധിയും തമ്മിലുള്ള വ്യത്യാസം (നോഹയുടെ കുടുംബമൊഴികെ) ഉല്പത്തി 6–9 വരെ ചിത്രീകരിച്ചിരിക്കുന്ന പ്രകാരം അതിൽ അളവും വ്യവഹാരവും ഉൾപ്പെടുന്നു.

പുറത്തുള്ളവരുടെ നേരെയുള്ള ഒരു പൊതുനയമെന്നവിധം യിസ്രായേൽ ഒരു മൊത്തമായ നശീകരണം എന്ന ഒരു നയം സ്വീകരിക്കണമെന്നത് ദൈവം ഒരിക്കലും ഉദ്ദേശിച്ചില്ല. ആവർത്തനം 7:1 പ്രതീകാത്മകമായി സ്ഥാപിക്കുന്നതും അങ്ങനെ ഉന്നം വച്ച ജനത്തെ അതിർവയ്ക്കുന്നതുമാണ്. അരാമ്യർ അല്ലെങ്കിൽ ഏദോമ്യർ അല്ലെങ്കിൽ മിസ്രയീമ്യർ അല്ലെങ്കിൽ മറ്റാരെങ്കിലുമായിരുന്നാലും അവർക്കെതിരേ യിസ്രായേല്യർ ഈ നയം പിൻപറ്റുവാൻ പാടില്ല (ആവ. 20:10–18). കനാന്യർ അനുഭവിച്ച ഒരു വിധിന്യായം ആത്യന്തികമായി എല്ലാ പാപികളും നേരിടുന്നതാണ്: അതാണ് ദൈവത്തിന്റെ ന്യായവിധി. രക്ഷാപദ്ധതിയുടെ ചരിത്രത്തിൽ അനിവാര്യമായിരുന്ന ഒരു ചുവടുവയ്പായിരുന്നു കനാന്യരെ ദൈവം ഒഴിവാക്കിയത്.

കനാന്യർ മൊത്തമായി ദൈവത്തിന്റെ ന്യായവിധിയുടെ ഉന്നമായിരുന്നെങ്കിലും അവർക്കു കുറഞ്ഞത് 40 വർഷത്തെ മുന്നറിയിപ്പുണ്ടായിരുന്നു (യോശുവ. 2:8–11 രാഹാബിന്റെ മാനസാന്തരം കാണുക) Daniel I Block, The Niv Application Commentary: Deueromony (Grand Rapids, Mich: Zondurvan, 2012) pp-98,99.

## ചർച്ചാചോദ്യങ്ങൾ

1. നമ്മുടെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുന്ന സഹസ്രാബ്ദവാഴ്ചയെപ്പറ്റി നാം മനസ്സിലാക്കിയിരിക്കുന്നതിനെക്കുറിച്ചു ചിന്തിക്കുക. നമുക്ക് എത്ര കഠിനമായ ചോദ്യങ്ങളുണ്ടായിരുന്നാലും ദൈവത്തിൽ ആശ്രയിക്കുന്നതിന് പഠിക്കുവാൻ ഈ ധാരണയ്ക്കു നമ്മെ എങ്ങനെ സഹായിക്കുവാൻ കഴിയും?
2. ഭാവിക്കുവേണ്ടി അവനെ ആശ്രയിക്കുന്നതിന് നിങ്ങളെ സഹായിക്കുവാൻ കഴിയുന്നതിന് കഴിഞ്ഞകാലങ്ങളിൽ ദൈവം നിങ്ങളെ നടത്തിയ ചില വഴികൾ എന്തൊക്കെയാണ്? ദൈവം നമ്മുടെ ജീവിതങ്ങളിൽ എങ്ങനെ പ്രവർത്തിച്ചു എന്നത് മറക്കാതിരിക്കുവാൻ പാടില്ലാത്തത് പ്രധാനമായിരിക്കുന്നത് എന്തുകൊണ്ടാണ്?
3. ദൈവജനത്തിനുവേണ്ടി മോശെ തന്റെ സ്വന്തം ജീവൻ നഷ്ടപ്പെടുത്തുവാൻ കാണിച്ച മനസ്സൊരുക്കത്തെക്കുറിച്ച് ഞായറാഴ്ച പഠനത്തിന്റെ അവസാനം കൊടുത്തിരിക്കുന്ന ചോദ്യം ക്ലാസ്സിൽ ചർച്ച ചെയ്യുക. ഉണ്ടായിരിക്കേണ്ട ശരിയായ ഒരു മനോഭാവമാണോ അത്? ഒരു ആത്മാവിനെ വീണ്ടെടുക്കുന്നതിനുള്ള വിലയെ സംബന്ധിച്ചും ചിന്തിക്കുമ്പോൾ, അതിനെ നഷ്ടപ്പെടുത്തുന്നതുകൊണ്ട് നേടുവാനെന്തെങ്കിലുമുണ്ടോ?